# തൗഹീദും രണ്ട് ശഹാദത്ത് കലിമയും

[ **Malayalam**]

التوحيد ومعنى الشهادتين

[ باللغة مليالم ]


അബ്ദുല്‍ ലത്തീഫ് സുല്ലമി മാറഞ്ചേരി

إعداد : عبد اللطيف سلمي



المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي بمدينة الرياض

المملكة العربية السعودية

بسم الله الرحمن الرحيم

ഇസ്ലാം മതത്തിൻെറ പ്രത്യേകത ഏകദൈവ വിശ്വാസമാണ്. ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കുക എന്നതാണ് തൗഹീദ് (ഏകദൈവ വിശ്വാസം) കൊണ്ടുള്ള വിവക്ഷ. അല്ലാഹു അവൻ ഏകനും പങ്ക് കാരില്ലാത്തവനുമാണ്. മുഴുവൻ പ്രവാചകൻമാരും പ്രബോധനം ചെയ്ത പ്രധാന തത്വം ''അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മററാരും തന്നെയില്ല, അതിനാൽ നിങ്ങൾ അവനെ മാത്രം ആരാധിക്കുക'' എന്നതായിരുന്നു. ഇസ്ലാം അല്ലാത്ത ഒരുമതം അല്ലാഹു സ്വീകരിക്കുകയില്ല. ഏകദൈവ വിശ്വാസം പൂർണ്ണമായാൽ മാത്രമെ കർമങ്ങൾ സ്വീകരിക്കപ്പെടുകയുള്ളൂ. ഏകദൈവ വിശ്വാസമാകുന്നു എല്ലാററിൻെറയും അടിത്തറ. അത് പിഴച്ചുപോയാൽ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടില്ല എന്ന് മാത്രമല്ല അവൻ നഷ്ടക്കാരിൽ പെട്ടുപോകുകയും ചെയ്യുന്നതാണ് .

## *തൗഹീദ് മൂന്ന് വിധമാകുന്നു.*

### *1, തൗഹീദു റുബൂബിയ്യത്ത്* (രക്ഷാകർതൃത്വത്തിലെ ഏകത്വം):

തൻെറ സ്രഷ്ടാവും അന്നദാതാവുമായ അല്ലാഹുവല്ലാതെ പ്രപഞ്ചത്തിനൊരു നാഥനുമില്ല എന്ന് അംഗീകരിക്കലത്രെ അത്. പ്രവാചക നിയോഗമന കാലത്തെ മക്കാമുശ്രിക്കുകളും ഇത് അംഗീകരിച്ചിരുന്നു. അല്ലാഹുവാണ് എല്ലാററിൻെറയും സൃഷ്ടാവും നിയന്താവും ഉടമസ്ഥനും എന്നും അവൻ തന്നെയാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് എന്നും അവർ സാക്ഷ്യം വഹിച്ചിരുന്നു. ഖുർആൻ അത് ഇ പ്രകാരം നമുക്ക് വ്യക്തമാക്കിത്തരുന്നത് കാണുക.

**"ولئن سألتهم من خلق السموات والأرض وسخر الشمس والقمر ليقولن الله فأنى يؤفكون" (العنكبوت 61).**

“ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട ്(മക്കാമുശ്‌രിക്കുകളോട്) ചോദിച്ചാൽ തീർച്ചയായും അവർ പറയും അല്ലാഹുവാണെന്ന്. അപ്പോൾ പിന്നെ എങ്ങിനെയാണവർ തെററിക്കപ്പെടുന്നത് ?.” (അൻകബൂത്ത് 61 ).

കൂടാതെ അവർക്ക് നമസ്കാരവും ദാന ധർമ്മവും നോമ്പും ഹജ്ജുമെല്ലാം തന്നെ ഉണ്ടായിരുന്നു. പക്ഷേ മേൽ പറയപ്പെട്ട കാര്യങ്ങൾ അംഗീകരിച്ചത് കൊണ്ട് അവർ യഥാർത്ഥ മുസ്‌ലിമായിത്തീരുകയോ, നരകത്തി ൽനിന്ന് രക്ഷപ്പെടുകയോ ചെയ്യുന്നില്ല. അക്കാരണത്താൽ തന്നെ അവരുടെ സമ്പത്തോ, രക്തമോ മുസ്‌ലിം എന്ന നിലയിൽ സംരക്ഷിക്കപ്പെടേണ്ട ബാധ്യതയും ഇസ്‌ലാമിക ഭരണകൂടത്തിനില്ല. കാരണം അവ ർ ആരാധനയിലെ ഏകത്വം അംഗീകരിച്ചിരുന്നില്ല, ആരാധനയിൽപെട്ട പലതിലും അല്ലാഹുവല്ലാത്തവരെ പങ്ക് ചേർക്കുക കൂടി ചെയ്തവരായിരുന്നു അവർ.

## *2, തൗഹീദുൻ ഫിൽ അസ്മാഇ വ സ്വിഫാത്ത്*
## (നാമ വിശേഷണങ്ങളിലെ ഏകത്വം) :

അല്ലാഹുവിന് മാത്രം അനുയോജ്യമായതും മറെറാന്നിനോടും ഉപമിച്ചു കൂടാത്തതുമായ *ദാത്തും* (അസ്തിത്വവും), മറെറാരു നിലക്കും സാമ്യപ്പെടുത്തിക്കൂടാ ത്ത നാമ വിശേഷണങ്ങളും അവനുണ്ട് എന്ന് വിശ്വസി ക്കലാകുന്നു അത്. അപ്രകാരം അവനുള്ളതായ നാമങ്ങൾ പൂർണ്ണമായതും ന്യൂനതയില്ലാത്തതുമായ വിശേഷണങ്ങളെ സൂചിപ്പിക്കുന്നവയുമാണ്. അല്ലാഹു പറഞ്ഞുതരുന്നത് കാണുക .

" ليس كمثله شيء وهو السميع البصير" (الشورى 110)

‘‘അവനെപ്പോലെ യാതൊന്നുമില്ല അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു’’(ശൂറ:110)

മേൽപറഞ്ഞ വിശ്വാസത്തിൽ പെട്ടതാണ് അല്ലാഹു അവൻെറ ഗ്രന്ഥത്തിലൂടെ അവനുള്ളതായി

സ്ഥിര പ്പെടുത്തിയിട്ടുള്ളതും, അവൻെറ പ്രവാചക ൻ(സ) അല്ലാഹുവിനുള്ളതായി സ്ഥിരപ്പെടുത്തിയിട്ടു ള്ളതുമായ എല്ലാ നാമങ്ങളും വിശേഷണങ്ങളും ഒരു വിധ മാററത്തിരുത്തലോ ഉപമിക്കലോ സാമ്യപ്പെ ടുത്തലോ വ്യാഖ്യാനിക്കലോ നിരാകരിക്കലോ കൂടാതെ എങ്ങിനെയാണോ പറയപ്പെട്ടത് അപ്രകാരം തന്നെ നാമും വിശ്വസിച്ചേ മതിയാകൂ. നമ്മുടെ ബുദ്ധിക്കോ യുക്തിക്കോ ഭാവനകൾക്കോ അതിൽ യാതൊരു പങ്കുമില്ല. സൃഷ്ടികളോട് അവയെ തുലനം ചെയ്യു വാനും പാടി ല്ലാത്തതാകുന്നു.

### *3, തൗഹീദുൽ ഉലൂഹിയ്യത്ത്*
### (ആരാധനയിലെ ഏകത്വം):

ആരാധനക്കർഹൻ അല്ലാഹു മാത്രമാണ് എന്ന് അംഗീകരിക്കു ക, ആരാധനകളുടെ എല്ലാ ഇനങ്ങളും അല്ലാഹുവിന് മാത്രമായി സമർപ്പിക്കുക എന്നതാകുന്നു ഇത്കൊണ്ട് വിവക്ഷിക്കുന്നത്. പ്രാർത്ഥന, സഹായ മർത്ഥന, ആഗ്രഹം, പ്രതീക്ഷ, ഭയം, നേർച്ച, ബലി, രക്ഷ തേടൽ തുടങ്ങിയ അല്ലാഹു കൽപ്പിച്ച ആരാധന കളുടെ എല്ലാ ഇനങ്ങളും അല്ലാഹു വിന് മാത്രമായി നിർവ്വഹിക്കൽ അതിനാൽ അനിവാര്യമാണ് അല്ലാഹു പറയുന്നു,

**(الجن 18) "وأن المساجد لله فلا تدعوا مع الله أحدا"**

''ആരാധനാലയങ്ങൾ(പള്ളികൾ) അല്ലാഹുവിനുള്ളതാണ് അവനോടു കൂടെ നിങ്ങൾ മററാരോടും പ്രാർത്ഥി ക്കരുത്'' (ജിന്ന് 18)

ഇവിടെ പ്രാർത്ഥനയാണ് എടുത്തു പറഞ്ഞ തെങ്കിലും ഖുർആനും ഹദീസും മററ് പല സ്ഥലങ്ങ ളിലും ഇബാദത്ത് (ആരാധന) എന്ന അർത്ഥത്തിൽ തന്നെ ദുആഅ് (പ്രാർത്ഥന) ഉപയോഗിച്ചിട്ടുള്ളത് നാം മ ന സിലാക്കണ്ടതാണ് .

അല്ലാഹുവിൻെറ പുണ്യവാൻമാരായ മലക്കുക ളോ പ്രവാചകന്മാരോ വലിയ്യുകളോ ഒരാളും തന്നെ പ്രാർത്ഥനക്ക് അർഹരല്ല. അല്ലാഹുവല്ലാത്ത വല്ലവരിലേ ക്കും പ്രാർത്ഥനയോ ആരാധനയുടെ മററു വല്ല ഇന

ങ്ങളോ തിരിച്ചാൽ അവൻ മുശ്‌രിക് (അല്ലാഹുവിൽ പങ്ക്ചേർത്തവൻ) ആയിക്കഴിഞ്ഞു. അതോടെ അവൻ ചെയ്ത എല്ലാ അമലുകളും നിഷ്ഫലമായിത്തീരുക യും പശ്ചാത്തപിക്കാതെയാണ് അവൻ മരണ പ്പെടു ന്നത് എങ്കിൽ ശാശ്വതമായും നരകത്തിൽ ആയിത്തീരു ന്നതുമാണ്. അത്കൊണ്ടു തന്നെ മുശ്‌രിക്കുകളുടെ ആചാരങ്ങളും പ്രവർത്തനങ്ങളും മാററി നിർത്താതെ ശഹാദത്തു കലിമകൾ ഉരുവിട്ടത് കൊണ്ടോ മുസ്‌ലിമാ ണെന്ന് വാദിച്ചത് കൊണ്ടോ ഒരാളും മുസ്‌ലിമായിത്തീ രുകയില്ല.

അതിനാൽ തൗഹീദ് എന്നാൽ അല്ലാഹു വിനെ മനസ്സിലാക്കേണ്ട വിധം മനസ്സിലാക്കി അതനുസരിച്ച് അറിവിലും പ്രവർത്തനത്തിലും യഥാവിധി നിലകൊ ള്ളുക എന്നുള്ളതാണ്. അതായത് തന്റെ മനസ്സ് പ്രതീക്ഷയോടും ആത്മാർത്ഥതയോടും കൂടി അവനി ലേക്ക് മാത്രം തിരിക്കുകയും അവനിൽ മാത്രം ഭരമേൽ പ്പിക്കുകയും ചെ യ്തുകൊണ്ട് അവൻ നിഷിദ്ധമാക്കിയ ശിർക്ക്, ബിദ്അത്ത്, അക്രമം എന്നിങ്ങനെ ചെറുതും വലുതുമായ എല്ലാവിധ അധർമ്മങ്ങളിൽ നിന്നും വിട്ടു നിൽക്കുകയും അല്ലാഹു കൽപ്പിച്ച ഒന്നിനെയും വെറു ക്കാതെയും വിരോധിച്ച ഒന്നിലേക്കും ശ്രദ്ധിക്കാതെ യും ജീവിക്കുക എന്ന് സാരം .

## *‘ലാഇലാഹ ഇല്ലല്ലാ’* യുടെ അർത്ഥം

അല്ലാഹുവല്ലാതെ ആരാധനകൾക്ക് അർഹനായി യഥാർത്ഥത്തിൽ മററാരും തന്നെയില്ല. ആകാശത്തി ലും ഭൂമിയിലും അവൻ മാത്രമാണ് ആരാധ്യൻ. അവ ൻ ഏകനും പങ്കാരില്ലാത്തവനുമാണ്. എന്നാൽ നിരർത്ഥകമായ ഒരു പാട് ആരാധനകൾ ഇന്ന് പലർ ക്കും ഇവിടെ അർപ്പിച്ചു കൊണ്ടിരിക്കുന്നുണ്ട് അവയെ ല്ലാം മിഥ്യയാണ് . അല്ലാഹു പറയുന്നു.

**"ذلك بأن الله هو الحق وأن ما يدعون من دونه هوالباطل وأن الله هو العلي الكبير" (الحج 62).**

‘‘അതെന്ത്കൊണ്ടെന്നാൽ അല്ലാഹു മാത്ര മാണ് സത്യ മായിട്ടുള്ളവൻ, അവനു പുറമെ അവർ ഏതൊന്നിനോ

ട് ദുആ ഇരക്കുന്നുവോ അതെല്ലാം മിഥ്യയാണ്. അല്ലാഹു അവൻ തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ '' (ഹജ്ജ് 62 ).

എന്നാൽ ഇവിടെ ചില വിവരമില്ലാത്തവർ കരുതുന്ന പോലെ അല്ലാഹുവല്ലാതെ സ്രഷ്ടാവില്ല എന്നതല്ല അർത്ഥം. കാരണം നബി(സ) നിയോഗിക്കപ്പെട്ട കാലത്തുണ്ടായിരുന്ന മക്കാ മുശ്‌രിക്കുകൾ അല്ലാഹുവാണ് സ്രഷ്ടാവും സംരക്ഷകനും എന്ന കാര്യം അംഗീകരിച്ചിരുന്നു. പക്ഷേ അവർ ആരാധന ഏകനും പങ്കാരില്ലാത്തവനുമായ അല്ലാഹുവിനു മാത്രമേ ആകാവൂ എന്നകാര്യം നിഷേധിക്കുന്നവരും ആയിരുന്നു. അവരുടെ വിശ്വാസത്തെ അല്ലാ ഹു ഇപ്രകാരം തുറന്നു കാണിക്കുന്നത് കാണുക,

"أجعل الآلهة الها واحدا إن هذا لشيء عجاب" (ص 5)

‘‘ ഇവൻ പല ഇലാഹുകളെ ഒരൊററ ഇ ലാഹാക്കി മാററുകയോ തീർച്ചയായും ഇത് വലിയ അത്ഭുതമുള്ള കാര്യം തന്നെ യാണ് '' (സ്വാദ് 5 ).

അതായത് അല്ലാഹുവല്ലാത്തവർക്ക് അവർ ചെയ്തിരുന്ന ആരാധനകൾ അല്ലാഹുവിലേക്ക് മാത്രമാക്കി പരിമിതപ്പെടുത്തിയത് അംഗീകരിക്കാൻ അവർ തയ്യാറായിരുന്നില്ല എന്നതാണ് നമുക്ക് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. അത്കൊണ്ടായിരുന്നു അവർ ‘*ലാഇലാഹ ഇല്ലല്ലാഹു*’ എന്ന് പറയുന്നത് വരെ അവരോട് പ്രവാചകൻ (സ) എതിരാവുകയും ഏറെ പ്രയാസങ്ങൾ സഹിച്ച് അല്ലാഹുവല്ലാതെ ആരാധ്യനില്ല എന്ന ആശയ പ്രബോധന പ്രചരണത്തിന് വേണ്ടി ഉറച്ചുനിന്ന് പ്രവർത്തിക്കുകയും ചെയ്തത്. ജാഹിലിയ്യാ കാലത്തെ മക്കാ മുശ്‌രിക്കുകളുടെ വിശ്വാസ ക്രമങ്ങൾ മനസ്സിലാക്കുന്ന ഏതൊരാൾക്കും ഇക്കാലത്ത് നമുക്കിടയിലുള്ള ചില ജാറപ്പൂജകർ ചെയ്തുവരുന്നത് തീർത്തും ശിർക്കും മുസ്‌ലിമിന് നിരക്കാത്തതുമാണ് എന്ന് കാണാവുന്നതാണ്. അവർ അല്ലാഹുവിന് പുറമെ മരിച്ചുപോയ മഹാത്മാക്കളോട് പ്രാർത്ഥിക്കുക, അവർ മുഖേനെ ശുപാർശ തേടുക, അവരുടെ സാമീപ്യം ലഭിക്കാൻ അവർക്ക് നേർച്ച വഴിപാടുകൾ

നേരുക, അവരുടെ ഖബറുകൾക്ക് (സാധാരണ ഖബറുകൾക്ക് ഉള്ളതിനേക്കൾ) മഹത്വവും പുണ്യവും കൽപ്പിക്കുക, അവിടുത്തെ വെള്ളം, എണ്ണ, മണ്ണ് എന്നി വക്ക് ബർക്കത്ത് കൽപ്പിക്കുക എന്നിവ പ്രവർത്തിക്കുന്നത് മുഖേനെ അവരുടെ വിശ്വാസവും കർമങ്ങളും തീർത്തും പിഴവിലായി തീർന്നിരിക്കുകയാണ്.

എന്നാൽ മക്കാ മുശ്‌രിക്കുകൾ അല്ലാഹുവല്ലാതെ ആരാധ്യനില്ല എന്ന് പറഞ്ഞാൽ മററൊന്നിനോടും പ്രാർത്ഥിക്കുവാനോ നേ ർച്ചകൾ നേരുവാനോ പററുകയില്ല എന്ന് മനസിലാക്കി. അതിനാൽ അവർ '*ലാഇലാഹ ഇല്ലല്ലാഹു*' പ്രഖ്യാപിക്കാൻ തയ്യാറായില്ല അവർ മഹാത്മാക്കളായിരുന്ന 'ലാത്ത'യോടും മററും പ്രാർത്ഥിച്ചുകൊണ്ടേ യിരുന്നു. ഖേദകരമെന്ന് പറയട്ടെ ഇന്ന് മഹാൻമാരുടേതെന്ന് അവകാശപ്പെട്ട് ഖബറുകൾ കെട്ടിപ്പൊക്കി അവിടെ ആരാധനകൾ നടത്തിക്കൊണ്ടിരിക്കുന്ന മുസ്‌ലിം നാമധാരികളായ ആളുകളാകട്ടെ അവർ '*ലാ ഇലാഹ ഇല്ലല്ലാഹു*' എന്ന് പറയുന്നു എന്നിട്ട് അതിനു നേരെ എതിര് പ്രവർത്തിക്കുകയും ചെയ്യുന്നു; ഖുർആൻ ശപിച്ച അബൂ ലഹബ്, അബൂജഹൽ എന്നിവരുടെ വിശ്വാസം ഇക്കൂ ട്ടരുടെ വിശ്വാസത്തേക്കാൾ എത്രയോ മെച്ചമായിരുന്നു ! അല്ലാഹുവിന് പുറമെ നേർച്ചക്കാർ ശുപാർശക്കാർ എന്നിങ്ങനെ ഏതെല്ലാം പേരിൽ ആരിലേക്കെല്ലാം മനുഷ്യർ അഭൗതികമായ പ്രതീക്ഷയർപ്പിച്ചും അപകടം പേടിച്ചും ബഹുമാനാദരവുകൾ അർപ്പിക്കുന്നുണ്ടോ അതെല്ലാം തന്നെ ശഹാദത്തുകലിമയുടെ തത്വത്തിന്ന് എതിരാകുന്നു. ആരാധനകളുടെ എല്ലാ വശങ്ങളും അല്ലാഹുവിന് മാത്രമാക്കുക എന്നതായിരുന്നു പ്രവാചകൻമാർ പ്രബോധനം ചെയ്തതും വേദ ഗ്രന്ഥങ്ങൾ പഠിപ്പിച്ചതുമായ സത്യദീൻ .

## '*ലാഇലാഹഇല്ലല്ല്*' യുടെ മഹത്വങ്ങൾ

ശഹാദത്ത് കലിമക്ക് എണ്ണമററ മഹത്വങ്ങ ളും കണക്കല്ലാത്ത പ്രതിഫലവുമാണ് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. എന്നാൽ കേവലം ഉരുവിടൽ കൊണ്ട് മാ

ത്രം അത് ലഭ്യമാവുകയില്ല. അതിൻെറ ഏ ററവും വലിയ നേട്ടം അല്ലാഹുവിൻെറ പ്രീതി മാത്രം കാംക്ഷി ച്ചു അത് പറയുന്നവർ ക്ക് അല്ലാഹു നരകം നിഷിദ്ധമാ ക്കിയിരി ക്കുന്നു എന്നതാണ്. ഉത്ബാൻ(റ) പറയുന്നു, നബി(സ) പറഞ്ഞു: ''അല്ലാഹുവിൻെറ പ്രീതി മാത്രം ആഗ്രഹിച്ചു '*ലാഇലാഹ ഇല്ലല്ലാഹു*' പറയുന്നവർക്ക് അല്ലാഹു നരകം ഹറാമാക്കിയിരിക്കുന്നു'' (ബുഖാരി). എന്നാൽ അധികമാളുകളും മരണ സമയം അത് ഉച്ചരിക്കാൻ കഴിയണം എന്ന നിലക്ക് മാത്രമാണ് അത് ചൊല്ലുന്നത് പക്ഷേ അതിൻെറ ആശയം ജീവിതത്തിൽ പകർത്താത്തവർക്ക് മരണസമയത്ത് അത് പറയാൻ കഴിയാതെ മറയിടപ്പെടുന്നതാണ്. ഇന്ന് പലരും അത് ഉച്ചരിക്കുന്നത് കേവലം ഒരു ആചാരം അല്ലെങ്കിൽ മററുള്ളവരെ അനുകരിക്കൽ എന്ന നിലക്ക് മാത്ര മായിരിക്കുകയാണ്; ജീവിതവുമായി അതിനെ ബന്ധ പ്പെടുത്തുന്നവർ വളരെ കുറ ഞ്ഞിരിക്കുകയാണ്. മരണ സമയത്തും ഖബറിലും ശിക്ഷിക്കപ്പെടുന്നവരിൽ അധി കമാളുകളും ആശയം ഉൾക്കൊള്ളാതെ പറ ഞ്ഞു നടക്കുന്നവർ ആയിരിക്കുമെന്ന് നബി (സ) പറഞ്ഞ തായി കാണാം. ഖബറിലെ ചോദ്യ സമയത്ത് ഒരു കൂട്ടം ആളുകളുടെ മറുപടി ഇങ്ങിനെയായിരിക്കുമെന്ന് ഹദീസിൽ വന്നിരിക്കുന്നു ''ആളുകൾ ചിലതെല്ലാം പറഞ്ഞിരുന്നു അപ്പോൾ ഞാനും അതേററു പറഞ്ഞു അതിൽ കൂടുതൽ ഒന്നും എനിക്കറിഞ്ഞുകൂടാ'' (അഹ്മദ്)

എന്നാൽ മേൽപറയപ്പെട്ട ഹദീസുകൾ തമ്മിൽ ഒരി ക്കലും വൈരുദ്ധ്യമില്ല. ആത്മാർത്ഥതയോടെയും വിശ്വാസത്തോടെയും ശഹാദത്തുകലിമകൾ ചൊല്ലിയ വർ ഒരിക്കലും തെററിൽ നിരന്തരം കൂടുക യില്ല അവർ അല്ലാഹുവിനെ ഏററവുമധികം സ്നേഹിക്കാൻ നിർ ബന്ധിതരാകും അതിനാൽ തന്നെ അല്ലാഹു വിരോധി ച്ചവയിലേക്ക് ആഗ്രഹിക്കുകയോ കൽപ്പിച്ചവ വെറുക്കു കയോ അവരിൽ നിന്ന് ഉണ്ടാകുന്ന തല്ല അപ്പാൾ നരകം അവനെ സംബന്ധിച്ചിടത്തോളം ഹറാമാക്ക പ്പെടുക തന്നെ ചെയ്യും.

## *‘ലാഇലാഹ ഇല്ലല്ലാ’* യുടെ *റുക്നുകൾ*

ലാഇലാഹ ഇല്ലല്ലക്ക് രണ്ട് റുക്നുകൾ ആണുള്ളത് ഒന്ന് നിഷേധം *ലാഇലാഹ* (ഒരു ആരാധ്യനുമില്ല) എന്നതും മറ്റൊന്ന് *ഇല്ലല്ലാഹു* (അല്ലാഹു ഒഴികെ) എന്നതുമാകുന്നു അവ. അതായത് ആരാധനകൾ എല്ലാം ഏകനും പങ്കാരില്ലാത്തവനുമായ അല്ലാഹുവിന് മാത്രമാക്കി സ്ഥാപിക്കലാണ് അത്കൊണ്ടുള്ള വിവക്ഷ.

## *‘ലാഇലാഹ ഇല്ലല്ലാ’* യുടെ *ശർത്തുകൾ*

*‘ലാഇലാഹ ഇല്ലല്ലാ’* ക്ക് എഴ് ശർത്തുകൾ ഉള്ളതായി പണ്ഡിതൻമാർ മനസ്സിലാക്കിത്തരുന്നു. അവ കൃത്യമായും പരിപൂർണ്ണ മായും ഉൾക്കൊണ്ടു മനസിലാക്കിക്കൊണ്ടുള്ള പ്രഖ്യാപനം മാത്രമെ സ്വീകരിക്കപ്പെടുകയുള്ളൂ. എന്നാൽ അവ ഏഴെണ്ണം എണ്ണിപ്പറയുകയോ മനപ്പാഠമാക്കുകയോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത് . എത്രയോ ആളുകൾ എണ്ണിപ്പറയുന്നു എന്നിട്ട് അതിന് എതിര് പ്രവർത്തിക്കുകയും ചെയ്യുന്നു എന്നതാണ് സങ്കടകരം .

***ശർത്തുകൾ* താഴെ വിവരിക്കുന്നു:**

### 1, العلم (അറിവ്)

അറിവ് എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് മേൽ പറയപ്പെട്ട നിഷേധവും സ്ഥിരീകരണവും തൻെറ ജീവിതത്തിൽ പ്രാവർത്തികമാക്കലാണ്. അല്ലാഹു മാത്രമാണ് ആരാധനക്കർഹൻ എന്ന് മനസ്സിലാക്കിയാൽ അല്ലാഹുവല്ലാത്തവർക്കുള്ള ആരാധനകൾ നിരർത്ഥകമാണെന്ന് അവൻ അംഗീകരിച്ചേ പറ്റൂ. ഇല്ലെങ്കിൽ അവനിൽ അറിവ് ഉണ്ടായിട്ടില്ല ജഹ്ൽ (അജ്ഞത) യാണ് ഉള്ളത്. ആരാധന അല്ലാഹുവിന് മാത്രമായിരിക്കണം എന്ന് അറിയാത്തവൻ അല്ലാഹു അല്ലാത്തവർക്കുള്ള ആരാധനകളും അനുവദനീയമാണ് എന്നാ

യിരിക്കും മനസ്സിലാക്കുക. എന്നാൽ അല്ലാഹു പറ യുന്നത് കാണുക:

"فاعلم أنه لا إله إلا الله " ( محمد 19)

''ആകയാൽ അല്ലാഹുവല്ലാതെ ആരാധ്യനില്ല എന്ന് നീ അറിയുക'' (മുഹമ്മദ് 19) .

"إلا من شهد بالحق وهم يعلمون" (الزخرف 89)

''അറിഞ്ഞുകൊണ്ട് സത്യത്തിന് സാക്ഷ്യം വഹിച്ചവ രൊഴികെ'' (സുഖ്റുഫ് 89). അറിഞ്ഞുകൊണ്ടുള്ള സാക്ഷ്യം മാത്രമെ സ്വീകരിക്കപ്പെടുകയുള്ളൂ എന്ന് സാരം .

## 2, اليقين (ദൃഢ വിശ്വാസം)

ലാഇലാഹ ഇല്ലല്ലാഹു ദൃഢമായി അംഗീ കരിക്കു ന്നവൻെറ മനസ് തീർച്ചയായും ശാന്തമായിരിക്കും അവന് പിന്നീട് സംശയമോ ഇടർച്ചയോ ഉണ്ടാകാൻ പാടില്ല അത്കൊണ്ടു തന്നെ അല്ലാഹുവല്ലാത്തവർ ക്കുള്ള ആരാധന ബാതിൽ ആണെന്ന് അവൻ മനസ്സിലാക്കുകയും അത് മററാരിലേക്കും തിരിച്ചുവിടാ തിരിക്കുകയും ചെയ്യും . അല്ലാഹു പറയുന്നു:

" إنما المؤمنون الذين آمنوا بالله ورسوله ثم لم يرتابوا " (الحجرات 15 )

''തീർച്ചയായും വിശ്വാസികൾ എന്ന് പറഞ്ഞാൽ അല്ലാഹുവിലും അവൻെറ ദൂത നിലും വിശ്വസിക്കു ക യും പിന്നീട് അതിൽ ഒട്ടും സംശയിക്കാതിരിക്കുക യും ചെയ്യുന്നവർ മാത്രമാണ് (ഹുജ്റാത്ത്15).

## 3, القبول (ഉൾക്കൊള്ളുക)

*ലാഇലാഹ ഇല്ലല്ലാഹു* ആവശ്യപ്പെടുന്ന മുഴുവൻ കാര്യങ്ങളും തൻെറ മനസാ വാചാ കർമ്മണാ അംഗീ കരിക്കുകയും തൽ വിഷയമായി അല്ലാഹുവും പ്രവാച കനും അറിയിച്ചുതന്ന സർവ്വ കാര്യങ്ങളും ഉൾ ക്കൊള്ളുകയും അവക്ക് എതിർ പ്രവർത്തിക്കാ തിരി ക്കു കയും ചെയ്യലാണ് അത് കൊണ്ടുള്ള താൽപര്യം.

അല്ലാഹു പറയുന്നു:

" قولوا آمنا بالله وما أنزل إلينا " ( البقرة 136)

‘‘നിങ്ങൾ പറയുക അല്ലാഹുവിലും അവനിൽനിന്ന് അവതരിച്ചു കിട്ടിയതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്’’ (അൽ ബഖറ :136)

അംഗീകരിക്കുക എന്നതിന്ന് എതിരാണ് ചിലത് മാത്രം ഉൾക്കൊള്ളുകയും മററുള്ളവ തള്ളുകയും ചെയ്യുക എന്നുള്ളതും. അല്ലാഹു പറയുന്നു ,

" يا أيها الذين آمنوا ادخلوا في السلم كافة " (البقرة 208 )

‘‘സത്യവിശ്വാസികളേ നിങ്ങൾ പൂർണ്ണമാ യും കീഴ്വണക്കത്തിൽ (ഇസ്ലാമിൽ) പ്രവേശിക്കുക’’ (സൂറ: അൽ ബഖറ: 208) . പക്ഷെ അധികമാളുകളും അസൂയയും അഹങ്കാരവും നിമിത്തം പ്രസ്തുതസത്യം ഉൾക്കൊള്ളാൻ തയാറാകുന്നില്ല.

" فإنهم لا يكذبونك ولكن الظالمين بآيات الله يجحدون " (الأنعام 33).

‘‘എന്നാൽ നിന്നെയല്ല അവർ നിഷേധിച്ചു തള്ളുന്നത് പക്ഷേ അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളെയാണ് ആ അക്രമികൾ നിഷേധിക്കുന്നത്’’(അൻആം 5:33).

## 4, الانقياد (കീഴ്പ്പെടുക)

കലിമത്തുതൗഹീദ് ആവശ്യപ്പെടുന്ന മുഴുവൻ കാര്യങ്ങളും ഉൾക്കൊണ്ട് അവക്ക് കീഴ്പ്പെട്ടു ജീവിക്കുകയും, അവ നടപ്പിൽ വരുത്തുകയും ചെയ്യുക .

" وأنيبوا إلى ربكم وأسلموا له " (الزمر 54)

‘‘നിങ്ങൾ നിങ്ങളുടെ നാഥനിലേക്ക് താഴ്മ യോടെ മടങ്ങുകയും അവന് കീഴ്പ്പെടുകയും ചെയ്യുക’’ (സൂറ: സുമർ 54) .

പ്രവാചകൻ(സ) കൊണ്ടുവന്ന കാര്യങ്ങ ൾ കൂട്ടുകയോ കുറക്കുകയോ ചെയ്യാതെ പ്രാവർത്തികമാക്കുക എന്നതും മേൽ പറയപ്പെട്ട ആശയത്തിൽ ഉൾപ്പെടുന്നതാണ്. ഒരാൾ *ലാഇലാഹ ഇല്ലല്ലാഹു* അറിയു

യും ദൃഢീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യു ു, പക്ഷെ അത് നടപ്പിലാക്കുന്നില്ല എങ്കിൽ അതവന് ഉപകരിക്കുകയില്ല.

## 5, الصدق (സത്യപ്പെടുത്തൽ)

താൻ പ്രഖ്യാപിക്കുന്ന ആശയം അത് മാത്രമാണ് സത്യം അതല്ലാത്തതൊന്നും സത്യമല്ല എന്നും അല്ലാഹുവും റസൂലും കൊണ്ടുവന്ന ഏത് കാര്യമാ ാലും അത് എല്ലാ നിലക്കും സത്യപ്പെടുത്തുകയും അതിൻെറ സംരക്ഷണത്തിന് വേണ്ടി തൻെറ കഴിവു ൾ വിനിയോഗിക്കും എന്നുള്ളതും മേൽ പ്രഖ്യാപനത്തിൽ ഉൾപ്പെടുന്നതാണ്. അല്ലാഹു പറയുന്നു:

" يا أيها الذين آمنوا اتقوا الله وكونوا مع الصادقين" (الزمر 119)

''വിശ്വാസികളേ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു കയും സത്യവാൻമാരുടെ കൂട്ട ത്തിൽ ആയിത്തീരു യും ചെയ്യുക'' (സൂറ: തൗബ 119)

## 6, الإخلاص (ആത്മാർത്ഥത)

ഒരു മനുഷ്യൻെറ വാക്കുകളും പ്രവർത്തനങ്ങള മെല്ലാം അല്ലാഹുവിൻെറ പ്രീതി കാംക്ഷിച്ചു കൊണ്ടാ ി ിക്കണം എന്നത് നിർബന്ധമാണ്. ആത്മാർത്ഥത യാടെ യുള്ള കർമ്മങ്ങൾ മാത്രമേ സ്വീകരിക്ക പ്പെടുകയുള്ളൂ. പ്രവർത്തനങ്ങളിൽ ലോക മാന്യതയോ പ്രശസ്തിയോ മററ് വ്യക്തിപരമോ സംഘടനാപരമോ ആയ ഏതെങ്കിലും ലക്ഷ്യമോ കടന്ന് കൂടിയാൽ അത് ഫലവത്താവുകയില്ല.

" وما أمروا إلا ليعبدوا الله مخلصين له الدين" (البينة 5)

''കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ആ ്മാർത്ഥതയുള്ളവരായി അല്ലാഹുവിനെ ആരാധിക്കാന ല്ലാതെ അവർ കൽപ്പിക്കപ്പെട്ടിട്ടില്ല'' (സൂറ: ബയ്യിന: 5) .

ആത്മാർത്ഥത നഷ്ടപ്പെട്ട പ്രവർത്തനങ്ങൾ അതായത് ശിർക്ക്, ലോകമാന്യത, അല്ലാഹു അല്ലാത്ത

വരുടെ പ്രീതി എന്നിവ കലർന്നിട്ടുള്ളവ അവന് ഉപകാരപ്പെടുന്നതല്ല . അല്ലാഹു പറയുന്നു:

**" وقدمنا إلى ما عملوا من عمل فجعلناه هباء منثورا" (البينة 5)**
**(الفرقان 23)**

‘‘അവർ പ്രവർത്തിച്ച പ്രവർത്തനങ്ങളുടെ നേരെ നാം തിരിയുകയും നാം അതിനെ വിതറപ്പെട്ട പൊടിപടല ളെപ്പോലെ ആക്കുകയും ചെയ്യുന്നതാണ്’’ (സൂറ: ഫുർ ഖാൻ 23) .

## 7, المحبة (സ്നേഹം )

ഒരാൾ ഏററവും അധികം സ്നേഹിക്കുന്നത് താൻ പ്രഖ്യാപിക്കുന്ന കലിമത്തിനേയും അത് അവനോട് ആവശ്യപ്പെടുകയും സൂചിപ്പിക്കുകയും ചെയ്യുന്ന കാര്യങ്ങളെയുമായിരിക്കണം. അങ്ങിനെ വരു മ്പോൾ അവൻ ഏററവുമധികം സ്നേഹി ക്കുക അല്ലാഹുവി നയും റസൂലിനെയും അല്ലാഹുവും റസൂലും ഇഷ്ട പ്പെടുന്ന കാര്യങ്ങളെയുമായിരിക്കും. അത്പോലെ ത ൻെറ വെറുപ്പ് അല്ലാഹുവും റസൂലും വെറുക്കുന്ന കാര്യങ്ങളോടുമായിരിക്കും. അതോടെ അവിശ്വാസം അധർമ്മം അക്രമം എന്നിവയെല്ലാം അവൻ വെറുക്കു യും അല്ലാഹുവിൻെറ ശരീഅത്തിന് കീഴ്പ്പെട്ട് അവൻ ജീവിക്കുകയും ചെയ്യുന്നതാണ്.

**" قل إن كنتم تحبون الله فاتبعوني يحببكم الله ويغفر لكم ذنوبكم"**
**(آل عمران 31)**

‘‘(നബിയെ), പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേ ക്കുന്നുവെങ്കിൽ എന്നെ പിൻതുടരുക, എങ്കിൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ് ’’ (ആലു ഇംറാൻ 31)

**" ذلك بأنهم كرهوا ما أنزل الله فأحبط أعمالهم" (محمد 9)**

‘‘അല്ലാഹു അവതരിപ്പിച്ചതിനെ അവർവെറുത്തുകള ഞ്ഞപ്പോൾ അവരുടെ കർമ്മങ്ങളെ അവൻ നിഷ്ഫല മാക്കിക്കളഞ്ഞു’’ (മുഹമ്മദ്: 9 ).

പ്രവാചകൻ സ)യോടും അല്ലാഹുവിൻെറ ഇഷ്ട ദാസൻമാരായ വിശ്വാസികളോടും വെറുപ്പ് പ്രകടിപ്പി ക്കലും അല്ലാഹുവിൻെറ ശത്രുക്കളെ സ്നേഹിക്കലും മേൽ പറയപ്പെട്ടതത്വത്തിന് നിരക്കുന്നതല്ല.

## *'മുഹമ്മദുർ റസൂലുല്ല'* യുടെ അർത്ഥം

أشــهد أن محمــدا رســول الله എന്നതിൻെറ അർത്ഥം പ്രവാചകൻ (സ) കൽപ്പിച്ചത് അനുസരിക്കുക, അദ്ദേ ഹം അറിയിച്ചു തന്നത് സത്യപ്പെടുത്തി അംഗീക രിക്കുക, അദ്ദേഹം വിലക്കുകയും വിരോധിക്കുകയും ചെയ്ത കാര്യങ്ങൾ കയ്യൊഴിക്കുക, അദ്ദേഹം മനസിലാക്കിത്തന്ന രൂപത്തിൽ മാ ത്രം അല്ലാഹുവിനെ ആരാധിക്കുക എന്നതാകുന്നു. മേൽ പറയപ്പെട്ടവ മുഴു വൻ അംഗീകരിച്ച് സത്യപ്പെടുത്തൽ മുസ്ലിമായിത്തീ രുന്നതിന് അനിവാര്യമാണ്. എന്നാൽ നാവ് കൊണ്ട് പ്രഖ്യാപിക്കുകയും ശേഷം മററുള്ളവരെ പിന്തുടരു കയും അല്ലാഹു കൽപ്പിച്ച കാര്യങ്ങൾ കയ്യൊഴിക്കു കയും അവൻ വിരോധിച്ച കാര്യങ്ങൾ പ്ര വർത്തി ക്കുകയും ചെയ്താൽ അവൻെറ പ്രഖ്യാപനം പൂർ ണ്ണമല്ല. നബി (സ) പറയുന്നു:

'' ആർ എന്നെ അനുസരിച്ചുവോ അവൻ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചു ആർ എന്നെ ധിക്കരിച്ചു വോ അവൻ തീർച്ചയായും അല്ലാഹുവിനെ ധിക്കരിക്കു കയും ചെയ്തു '' (ബുഖാരി)

''നമ്മുടെ ഈ (മത) കാര്യത്തിൽ ഇല്ലാത്തത് ആരെ ങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെ ടേണ്ടതാണ്'' (ബുഖാരി & മുസ്ലിം)

അപ്രകാരം തന്നെ പ്രവാചകൻ (സ)ക്ക് പ്രപഞ്ച സംരക്ഷണത്തിലോ ആരാധനകളിലോ യാതൊരുവിധ അവകാശവുമില്ലാ എന്നും അദ്ദേഹം അല്ലാഹുവിൻെറ ദാസനും ദൂതനും മാത്രമാണ് എന്നും നാം വിശ്വസി ക്കേണ്ടതാണ്. അദ്ദേഹത്തെ ഒരിക്കലും ആരാധിച്ചു കൂട. അദ്ദേഹത്തിന് തനിക്കോ മററുള്ളവർക്കോ അല്ലാ

ഹു ഉദ്ദേശിച്ചതല്ലാതെ എന്തെങ്കിലും ഉപകാരമോ ഉപദ്ര വമോ ചെയ്യാൻ ഒരിക്കലും സാധ്യവുമല്ല.

ശഹാദത്ത് കലിമകൾ ഉൾക്കൊണ്ട് ജീവിച്ച് മരണ സമയം *ലാഇലാഹ ഇല്ലല്ലാഹു* എന്ന കലിമത്തു ച്ചരിച്ചു ഈമാനോടുകൂടി മരിച്ചുപോകാൻ അല്ലാഹു ന മ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).

**وصلى الله وسلم على نبينا محمد وآله وصحبه أجمعين.**

*****************


തയ്യാറാക്കിയത്
അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി
ഇസ്ലാമിക് ഗൈഡൻസ് സെൻറർ സുലൈ
പി. ബി. നമ്പർ: 1419, റിയാദ് 11431
ഫോൺ: 2414488, 2410615 . ഫാക്സ് 2411733.



islamhouse.com
1429 – 2008